## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മംഗല്യ ഇൻഷ്വറൻസ് പദ്ധതി

*4 [208] ശ്രീ. പി. ജയരാജൻ:

,, ടി. കെ. ബാലൻ:

,, വി. ചെന്താമരാക്ഷൻ:

,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മംഗല്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളിൽ നിന്നാണ് ഇതിനുള്ള നിർദ്ദേശങ്ങൾ ക്ഷണിച്ചത്;

(സി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളുമായാണ് ഇക്കാര്യത്തിൽ കരാറിൽ ഏർപ്പെട്ടത്;

(ഇ) പ്രസ്തുത പദ്ധതിക്കുവേണ്ടി ഇതിനകം ചെലവാക്കിയ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇൻഷ്വറൻസ് പദ്ധതിയുടെ അടിസ്ഥാന സവിശേഷതകളിൽ ഒരു തീരുമാനമായി കഴിഞ്ഞിട്ട് മറ്റ് ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇതിനുള്ള നിർദ്ദേശം ക്ഷണിക്കുന്നതാണ്. പ്രാരംഭദശയിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നുമാണ് ലഭിച്ചിട്ടുള്ളത്. ഇവ പരിശോധിച്ചുവരുന്നു.

(സി—ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly